# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3867 | 21/06/2018-ൽ മറുപടിക്ക്

## തിരുവമ്പാടി മണ്ഡലത്തിലെ ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോർജ്ജ് എം. തോമസ്** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | തിരുവമ്പാടി മണ്ഡലത്തിൽ നിലവിലുള്ളതും വിഭാവനം ചെയ്യുന്നതുമായ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) & (ബി) | തിരുവമ്പാടി നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിക്കുവാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഭരണാനുമതി നൽകിയ ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്. |
| (ബി) | ഈ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിയുന്ന വർഷം വ്യക്തമാക്കുമോ? | | |

| | |
|---|---|
| ഓലിക്കൽ SHP | 5 MW |
| പൂവാരംതോട് SHP | 3 MW |
| ചെമ്പുക്കടവ്-III SHP | 7.5 MW |
| മാരിപ്പുഴ SHP | 6.0 MW |
| **ആകെ** | 21.5 MW |

ഈ പദ്ധതികളുടെ പ്രീ കൺസ്ട്രക്ഷൻ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. മുകളിൽ പറഞ്ഞ 4 ചെറുകിടജലവൈദ്യുത പദ്ധതികൾക്ക് പുറമെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

(i) അപ്പർമാരിപ്പുഴ

(ii) ഉറുമി സ്റ്റേജ് – മൂന്നാംഘട്ടം

(iii) വട്ടച്ചിറ

(iv) ചെമ്പുക്കടവ് – നാലാംഘട്ടം

ഈ പദ്ധതികളുടെ സർവ്വേ/ ഇൻവെസ്റ്റിഗേഷൻ ജോലികൾ പുരോഗമിച്ചു വരുന്നു.

പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയശേഷം ടെണ്ടർ നടപടികൾ

(-- 2)

ആരംഭിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ഓലിക്കൽ, പൂവാരംതോട് പദ്ധതികൾ 2021-22-ൽ കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. മറ്റ് പദ്ധതികൾ 2023-ൽ കമ്മീഷൻ ചെയ്യുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

തിരുവമ്പാടി മണ്ഡലത്തിൽ നിലവിൽ IPP വിഭാഗത്തിൽ മത്സര ദർഘാസിലൂടെ 30 കൊല്ലത്തേയ്ക്ക് സ്വകാര്യ മേഖലയിൽ 'ബൂട്ട്' (Built, Own, Operate & Transfer) അടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾ എനർജി മാനേജ്മെന്റ് സെന്റർ മുഖേന അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1) | പാതംകയം - 8MW | 2017 ജനുവരിയിൽ ഉദ്ഘാടനം ചെയ്തു |
| 2) | അരിപ്പാറ - 4.5MW | പദ്ധതി 2019 മേയ് മാസത്തോടെ കമ്മീഷൻ ചെയ്യാവുന്ന തരത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 3) | ആനക്കാംപോയിൽ - 8MW | ഡിസംബർ 2018 ഓടെ പൂർത്തീകരിക്കുവാനായി പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 4) | മുത്തപ്പൻപുഴ - 1.5 MW | വനഭൂമി ഉപയോഗപ്പെടുത്താതെ പദ്ധതി പ്രാവർത്തികമാക്കുന്നതിനായുള്ള രൂപരേഖ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. രൂപരേഖ അംഗീകരിച്ച ശേഷം കുറഞ്ഞത് രണ്ടുകൊല്ലം പദ്ധതി നിർമ്മാണത്തിനായി വേണ്ടിവരും. 2020-ാം മാണ്ട് അവസാനത്തോട്ടുകൂടി പദ്ധതി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

(-3)

| | | | | | |
|---|---|---|---|---|---|
| | | | 5) | കളിരാമുട്ടി 3 MW | പുതുതായി IPP വിഭാഗത്തിൽ സ്വകാര്യ മേഖലയിൽ അനുവദിച്ച പദ്ധതികളാണിവ. സർക്കാരുമായിട്ടുള്ള ഉടമ്പടികൾ വെയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. |
| | | | 6) | കിളിക്കല്ല് 3 MW | |

സെക്ഷൻ ഓഫീസർ